

# നിശ്ശബ്ദതയുടെ ആവിഷ്കാരം

കെ.ബി. സുമൻ


**കൃഷ്ണമൂർത്തി** ദർശനത്തിന്റെ സവിശേഷത അറിവോ ധാരണയോ അല്ല. ജാഗ്രതയാണ് അത് നമുക്ക് നൽകുന്നത് എന്നതാണ്. അതുമായി സംവദിക്കുമ്പോൾ കേൾക്കുകയോ വായിക്കുകയോ ചെയ്യുമ്പോൾ മനസ്സ് നിശബ്ദമാകുന്നില്ലെങ്കിൽ വിനിമയം സംഭവിക്കുന്നില്ല. ചിന്തയെ ബോധമണ്ഡലത്തെ ശൂന്യമാക്കലാണല്ലോ ദർശനത്തിന്റെ കാതൽ. നാം മനസ്സിലാക്കേണ്ടത് കൃഷ്ണമൂർത്തി ദർശനമല്ല, നമ്മെയാണ്. നമ്മുടെ ചിന്തകളെ, വികാരങ്ങളെ, പ്രതികരണങ്ങളെ. എന്താണ് വായിക്കുന്നത്, കേൾക്കുന്നത് എന്നതിനേക്കാൾ പ്രധാനം അത് ശ്രദ്ധിക്കുന്ന നമ്മുടെ മനോനിലയാണ്. അരമണിക്കൂർ കൃഷ്ണമൂർത്തിയുടെ ഒരു പ്രഭാഷണത്തിലോ, ചർച്ചയിലോ പങ്കുചേർന്ന് പുസ്തകത്തിൽനിന്നും കണ്ണെടുക്കുമ്പോൾ മുന്നിലുള്ള ഇലകളുടെ നേരിയ രേഖകൾ നാം സൂക്ഷ്മമായി കാണുന്നുവെങ്കിൽ കാറ്റിന്റെയും ചീവീടിന്റെയും ശബ്ദം നാം അറിയാതെ നമ്മിൽ എത്തുന്നുവെങ്കിൽ, നമ്മുടെ ഇരിപ്പിന്റെ വളവ് അനുഭവവേദ്യമാകുന്നുവെങ്കിൽ വിനിമയം നടന്നുവെന്ന് അനുമാനിക്കാം. ജാഗ്രതയുടെ സസൂക്ഷ്മത. വായിച്ച്, അറിവ് സമ്പാദിച്ച് എടുത്ത് പ്രയോഗിക്കാനായി ഒന്നുംതന്നെ അവിടെ അവശേഷിക്കുന്നില്ല. ഉണ്മയ്ക്കും നിങ്ങൾക്കുമിടയിൽ വ്യാഖ്യാനമായി കൃഷ്ണമൂർത്തി ദർശനം ഉണ്ടാകുന്നില്ല എന്നതാണ് അതിന്റെ സൗന്ദര്യം.

സത്യത്തെയല്ല ഉണ്മയുടെ വ്യാഖ്യാനങ്ങളെയാണ്, ആശയങ്ങളെയാണ് 'വായനക്കാർ' അന്വേഷിക്കുന്നത് എന്നതാണ് ദുരന്തം. മനസ്സ് ആശയങ്ങളിൽ വ്യവസ്ഥപ്പെട്ടിരിക്കുന്നു. രണ്ടാംകിട ഗുരുക്കന്മാർക്ക് ഇത്രമേൽ സാദ്ധ്യത കൈവരുന്നത് അതുകൊണ്ടാകണം. മനസ്സിന്നതീതമായതിനെ മനസ്സിന്റെ പരിമിതിയിലേയ്ക്ക് ചുരുക്കുന്ന ഉരുട്ടിത്തരുന്ന 'മനസ്സിലാക്കൽ' പ്രക്രിയ അവർ ഭംഗിയായി നിർവ്വഹിച്ചുതരുന്നു. ബുദ്ധിപരമായും വൈകാരികമായും ഉൾക്കൊള്ളാവുന്ന രീതിയിൽ അവർ ആവിഷ്കരിക്കുന്നു. ഉപനിഷത്തുക്കൾ, ബുദ്ധദർശനം, താവോ ദർശനം, കൃഷ്ണമൂർത്തി ദർശനം, രമണമഹർഷിദർശനം മുതലായവയാണ് അവർ ഇതിനായി മുഖ്യമായും അവലംബിക്കുന്നത്. എന്നാൽ കാല്പനികമായ ആ സൗന്ദര്യത്തിന്റെ വികലത, ഉപരിപ്ലവത പലരും കാണാതെ പോകുന്നു.

പുറംലോകത്തെ മനസ്സിലാക്കാൻ ശ്രമിക്കുന്ന, കീഴടക്കാൻ ശ്രമിക്കുന്ന ശാസ്ത്രലോകത്തിന്റെ അതേ സമീപനംതന്നെയാണ് മനസ്സിന്നതീതമായതുമായി സംവദിക്കാൻ നാം സ്വീകരിക്കുന്നത്. പുനർജന്മമുണ്ട് അല്ലെങ്കിൽ പ്രപഞ്ചചേതനയുണ്ട്. ജീവിതത്തിൽ നീതിയുണ്ട് എന്നതിന് നാം തെളിവ് ശേഖരിക്കുന്നു. എന്നാൽ അതിനെല്ലാം എതിരെയും തെളിവ് നിരത്താമല്ലോ? തെളിവിന്റെ വൈരുദ്ധ്യാത്മകത നാം അറിയുന്നില്ല. ഒടുവിൽ ഉണ്ടോ ഇല്ലയോ എന്ന് വിധിക്കേണ്ടത് നമ്മളും!! വിശ്വാസങ്ങൾക്ക് അഭയം ലഭിക്കാനുള്ള ദൃഢീകരിക്കാനുള്ള ദൃഷ്ടാന്തങ്ങളെയാണ് നാം പരതുന്നത്. വിശ്വാസങ്ങളുടെ അയഥാർത്ഥത, അതിന്റെ അനാവശ്യം നാം തിരിച്ചറിയുന്നില്ല. നാം വിശ്വസിക്കുന്നത് നമുക്ക് അറിയാത്തതുകൊണ്ടാണല്ലോ? അതുകൊണ്ടുതന്നെ വിശ്വാസത്തിൽ അവിശ്വാസവും പതിയിരിക്കുന്നു. സത്യാന്വേഷണം വിശ്വാസം ഉറപ്പിക്കാനുള്ള അറിവിൽനിന്നും അറിവിലേയ്ക്കുള്ള പ്രയാണമാകാൻ തരമില്ല. വേദാന്തം എന്ന വാക്കിനർത്ഥം തന്നെ അറിവിന്റെ അവസാനം എന്നാണല്ലോ?

ഒരുതരം വിശ്വാസങ്ങൾക്കും അടിമപ്പെടാത്ത വ്യാഖ്യാനങ്ങളുടെ സുഖിപ്പിക്കലിൽ പെട്ടുപോകാത്ത മനസ്സിനെ പറ്റി കൃഷ്ണമൂർത്തി ഓർമ്മിപ്പിക്കുന്നു. ദൈവത്തെക്കുറിച്ചുള്ള ചോദ്യശരങ്ങൾക്കുമുന്നിൽ

**പുറംലോകത്തെ മനസ്സിലാക്കാൻ ശ്രമിക്കുന്ന, കീഴടക്കാൻ ശ്രമിക്കുന്ന ശാസ്ത്രലോകത്തിന്റെ അതേ സമീപനംതന്നെയാണ് മനസ്സിന്നതീതമായതുമായി സംവദിക്കാൻ നാം സ്വീകരിക്കുന്നത്. പുനർജന്മമുണ്ട് അല്ലെങ്കിൽ പ്രപഞ്ചചേതനയുണ്ട്. ജീവിതത്തിൽ നീതിയുണ്ട് എന്നതിന് നാം തെളിവ് ശേഖരിക്കുന്നു. എന്നാൽ അതിനെല്ലാം എതിരെയും തെളിവ് നിരത്താമല്ലോ?**



ചിത്രീകരണം : മോഹനൻ വി.

നിശ്ശബ്ദനായിരുന്ന ബുദ്ധൻ പ്രസിദ്ധമാണല്ലോ?

കൃഷ്ണമൂർത്തി ദർശനത്തിന് വളരെ സമാനമായത് കിഴക്കും പടിഞ്ഞാറുമുള്ള കുറെ ഗുരുക്കന്മാർ ഇന്ന് ആവർത്തിക്കുന്നുണ്ട്. എന്നാൽ ദിവസവും ആചരിക്കാനുള്ള ചില ധ്യാനമുറകൾ അവർ നിർദ്ദേശിക്കുന്നു. ആത്മസാക്ഷാത്കാരത്തിലേക്കുള്ള ചില കുറുക്കുവഴികൾ. അതില്ലെങ്കിൽ ശിഷ്യഗണങ്ങളെ കോർത്തുകെട്ടി അതിരുകൾ വികസിപ്പിക്കാൻ അവർക്കാവില്ല. 'ഞാൻ' എന്നതിന്റെ പോഷണത്തിനും 'ഞാൻ' എന്നതിന്റെ ഇല്ലായ്മക്കും നിലകൊള്ളുന്ന ഈ വ്യത്യസ്തധാരകളെ ആത്മസാക്ഷാത്ക്കാരത്തിനുള്ള വിവിധ മാർഗ്ഗങ്ങളായി ഗണിക്കുന്നത് വിചിത്രമാണ്.

കാർലോസ് കാസ്റ്റനയോട് ഡോൺയുവാൻ വഴികളെപ്പറ്റി പറയുന്നത് ശ്രദ്ധേയമാണ്. ''എല്ലാവഴികളും ഒന്നുതന്നെയാണ്. കാരണം അത് നമ്മെ എവിടെയും എത്തിക്കുന്നില്ല.'' അറിവ് സമ്പാദിക്കലും അതിന്റെ പ്രയോഗവും എന്നതാണല്ലോ. പൊതുവെയുള്ള രീതി. ആദ്യം നാം അനുവർത്തിക്കേണ്ട സംഗതിയെക്കുറിച്ച് ധ്യാനത്തെക്കുറിച്ച് ധാരണയുണ്ടാക്കുന്നു. എന്നിട്ട് അത് നടപ്പിൽ വരുത്തുന്നു. ഈ ക്രമം 'ഞാൻ' എന്നതിന് ഒരവസാനമുണ്ടെങ്കിൽ അതിനുള്ള പ്രക്രിയയായി സ്വീകരിക്കാൻ കഴിയില്ല എന്ന് കാണാവുന്നതാണ്. പദ്ധതി നടപ്പാക്കുന്ന, അതിൽ വിജയിക്കുന്ന ചിന്തയെ കീഴ്പ്പെടുത്തുന്ന, ഏകാഗ്രമാക്കുന്ന ഞാൻ ശേഷിക്കുമല്ലോ?

ജാഗ്രതയുടെ സമഗ്രതയിൽ അന്വേഷകൻ സ്വയം നഷ്ടമാകുന്ന അവസ്ഥ കൃഷ്ണമൂർത്തി സൂചിപ്പിക്കുന്നു. ''നിങ്ങൾ ചോദ്യങ്ങൾ ചോദിക്കണം. ഉത്തരം കിട്ടാത്ത, ഉത്തരമില്ലാത്ത അടിസ്ഥാനപരമായ ചോദ്യങ്ങൾ. ആ ചോദ്യങ്ങൾ നിങ്ങളെ നിങ്ങളിൽ തന്നെ തള്ളിയിടുന്നു. മനസ്സിന്റെ ഘടനയിൽ തന്നെ പരിവർത്തനമുണ്ടാക്കുന്നു.''

തീ നീക്കാനുപയോഗിക്കുന്ന വിറകുകൊള്ളി ഒടുവിൽ തീയായി മാറുന്നതിനെക്കുറിച്ച് രമണമഹർഷിയും പറയുന്നുണ്ട്.

സാധാരണ പഠനപ്രക്രിയയിലും അറിവും പ്രയോഗവും എന്ന ക്രമം പലപ്പോഴും അങ്ങനെയല്ല പ്രവർത്തിക്കുന്നത് എന്ന് നിരീക്ഷിക്കുന്നത് രസകരമായിരിക്കും. ഒരു കുട്ടി സൈക്കിൾ ചവിട്ടാൻ പഠിക്കുന്നത്, നീന്താൻ പഠിക്കുന്നത്, മരം കയറാൻ പഠിക്കുന്നത് അത് ചെയ്തുകൊണ്ടുതന്നെയാണ്. ധാരണയും നടപ്പിൽവരുത്തലും ഏകീകൃതമാണ്. മുതിർന്നവർ ധാരണയിൽനിന്നും പ്രവർത്തിയിലേക്ക് കടക്കുന്നതുകൊണ്ട് അവർക്ക് ഇത് അഭ്യസിക്കാൻ പ്രയാസമായി വരുന്നു. ബുദ്ധിയുടെ, യുക്തിയുടെ വികാസം!! പാരമ്പര്യ കൈത്തൊഴിലുകൾ നിർദ്ദേശങ്ങളിലൂടെയല്ല പിൻമുറക്കാർ സ്വായത്തമാക്കുന്നത്. എന്തിന് പാട്ടുപാടുന്നത് ഇങ്ങനെ പാടണം എന്ന് തീരുമാനിച്ച് നടപ്പിൽ വരുത്താവുന്നതല്ല. എന്നാൽ ശ്രദ്ധ, നിരീക്ഷണം ഇവിടെയെല്ലാം പ്രധാനമാണ്. ഇന്ദ്രിയങ്ങളുടെ നിരീക്ഷണം, ഉണർച്ച, ആവിഷ്കാരമായി മാറുന്നു.

കൃഷ്ണമൂർത്തി ദർശനത്തിൽ കാണലും നടപ്പിൽവരുത്തലും ഒന്നുംതന്നെയാണ്. സ്നേഹിക്കണം, നല്ലതാകണം. ദേഷ്യം പാടില്ല, അസൂയ പാടില്ല എന്നൊന്നും തീരുമാനിച്ച് നമുക്ക് അതൊന്നും നടപ്പിലാക്കാനാവില്ല. അത് തീരുമാനിക്കുന്ന 'ഞാൻ' തന്നെ അതിന് തടസ്സമാകുന്നു.

വേദോപദേശങ്ങൾ നമ്മിൽ മാറ്റങ്ങളുണ്ടാക്കാത്തത് അതുകൊണ്ടായിരിക്കണം.

കൃഷ്ണമൂർത്തിയുടെ ആന്തരികാവസ്ഥ എന്തെന്നുള്ള ചോദ്യത്തിന് അനന്തമായ ശൂന്യത എന്നായിരുന്നു മറുപടി. ഒരു ചോദ്യത്തോട് അദ്ദേഹം എങ്ങനെ പ്രതികരിക്കുന്നു എന്ന് വർണ്ണിക്കുന്നത് രസകരമാണ്. മനസ്സ് അലകളില്ലാത്ത ഒരു നിശ്ശബ്ദ തടാകമാണ്. അതിലേക്ക് വന്നുവീഴുന്ന ഒരു ചെറുകല്ലാണ് ചോദ്യം. ആ ചോദ്യത്തോടുള്ള പ്രതികരണമായി ഉത്തരമായി അലകൾ രൂപപ്പെടുന്നു. അവിടെ സ്വരൂപിച്ചുവെച്ച ധാര